(ബി) ജനസാന്ദ്രത കൂടുതലുള്ളതും, വ്യാപാര സാധ്യതയുള്ളതുമായ നഗര/അർദ്ധ നഗര പ്രദേശങ്ങളിൽ മാത്രമേ മുതൽമുടക്കും ഭൗതിക സൗകര്യങ്ങളും കൂടുതൽ ആവശ്യമായ ത്രിവേണി കോഫി ഹൗസുകൾ വിജയകരമായി പ്രവർത്തിപ്പിക്കുവാൻ കഴിയു. വിഷൻ 2011 പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടം എന്ന നിലയിൽ 10 ത്രിവേണി കോഫി ഹൗസുകൾ തുടങ്ങുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ സ്റ്റാച്ച്യൂ തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ, ആലപ്പുഴ ജില്ലയിലെ ചാരുമൂട് കൊല്ലം ജില്ലയിലെ പുനലൂർ എന്നീ സ്ഥലങ്ങളിൽ ഒരു മാസത്തിനകം ത്രിവേണി കോഫീഹൗസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഫെഡറേഷന്റെ സ്വന്തം ഫണ്ട് ഉപയോഗിച്ച് ത്രിവേണി കോഫീഹൗസുകൾ തുടങ്ങുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ഫെഡറേഷൻ ശ്രമിച്ചു വരുന്നുണ്ട്.

കോമോസ്സിനെ സഹായിക്കുവാൻ സ്വീകരിച്ച നടപടി

23(2275) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ മോട്ടോർ സർവ്വീസ് സഹകരണ സംഘങ്ങളെ സഹായിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന കോമോസ് എന്ന പേരിലുള്ള മോട്ടോർ സഹകരണ സംഘത്തെ സഹായിക്കുവാൻ സ്വീകരിച്ച നടപടി എന്തൊക്കെയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വാർഷിക പദ്ധതി പ്രകാരം സർക്കാർ ഓഹരി മൂലധന സഹായമായി മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾക്ക് 10 ലക്ഷം രൂപാവരെയും, ഓട്ടോറിക്ഷാ ഡ്രൈവേഴ്സ് സഹകരണ സംഘങ്ങൾക്ക് 3 ലക്ഷം രൂപാവരെയും അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചു നൽകുന്നുണ്ട്. ഈ പദ്ധതികൾ പ്രകാരം 2010-11 വർഷത്തിൽ ഇ.956-ാം നമ്പർ കുന്നത്തുനാട് താലൂക്ക് ഓട്ടോറിക്ഷാ തൊഴിലാളി സഹകരണസംഘത്തിന് 1 (ഒരു) ലക്ഷം രൂപയും കൃ 797-ാം നമ്പർ കയിലോൺ ഓട്ടോമൊബൈൽ എംപ്ലോയീസ് സഹകരണ സംഘത്തിന് 7(ഏഴ്) ലക്ഷം രൂപയും എസ്. 55-ാം നമ്പർ കാസർഗോഡ് ജില്ലാ ബസ് ട്രാൻസ്പോർട്ട് സഹകരണ സംഘത്തിന് 10 (പത്ത്) ലക്ഷം രൂപയും ഡി.2869-ാം നമ്പർ പേരാമ്പ്ര ഏരിയാ മോട്ടോർ എൻജിനീയറിംഗ് വർക്കേഴ്സ് സഹകരണ സംഘത്തിന് 5 (അഞ്ച്) ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ 2008-09-ൽ പ്രത്യേക ധനസഹായമായി കായംകുളത്തെ 4203-ാം നമ്പർ പ്രൈവറ്റ് മോട്ടോർ വർക്കേഴ്സ് ഇൻഡസ്ട്രിയിൽ സഹകരണ സംഘത്തിന്റെ പുനരുദ്ധാരണത്തിനായി 3 കോടി രൂപ വായ്പയായും 2009-10 വാർഷിക പദ്ധതിയിലെ പീഡിത സഹകരണ സംഘങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

പുനഃരുദ്ധാരണ പദ്ധതി പ്രകാരം കൃ. 420-ാം നമ്പർ കയിലോൺ ഡിസ്ട്രിക്ട് മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് സഹകരണ സംഘത്തിന് 10 (പത്ത്) ലക്ഷം രൂപ ഓഹരി വായ്പ സബ്സിഡി ഇനങ്ങളിലായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2010-11-ൽ എ. 381-ാം നമ്പർ കോസ്റ്റൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് സഹകരണ സംഘത്തിന് സബ്സിഡിയായി 1 കോടി രൂപ ഉപധനാഭ്യർത്ഥന വഴി വകയിരുത്തിയിട്ടുണ്ട്. ട്രാൻസ്പോർട്ട് സേവനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി. പദ്ധതിപ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ 3-2-2011-ലെ ജി.ഒ. (ആർ‌റ്റി.) നമ്പർ 68/2011/സഹ പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന കൃ. 420-ാം നമ്പർ കയിലോൺ ഡിസ്ട്രിക്ട് മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘത്തിന്റെ (കോമോസ്) പുനരുദ്ധാരണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സഹകരണ വകുപ്പു സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റിയെ 7-6-2008-ലെ ജി.ഒ. (ആർ‌റ്റി.) നമ്പർ 360/08/സഹ നമ്പർ ഉത്തരവു പ്രകാരം നിയമിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. 2009-10 വാർഷിക പദ്ധതിയിലെ പീഠിത സഹകരണസംഘങ്ങളുടെ പുനഃരുദ്ധാരണ പദ്ധതി പ്രകാരം ഈ സംഘത്തിന് 1 (ഒരു) ലക്ഷം രൂപ ഓഹരി മൂലധന സഹായമായും 1 (ഒരു) ലക്ഷം രൂപ വായ്പയായും 8 ലക്ഷം രൂപ സബ്സിഡിയായും ആകെ 10 (പത്ത്) ലക്ഷം രൂപ ധനസഹായമായി അനുവദിച്ചു നൽകിയിട്ടുണ്ട്. സംഘത്തിന്റെ പുനഃരുദ്ധാരണത്തിനായി സംഘം സമർപ്പിച്ച 140 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി സർക്കാറിന്റെ പരിഗണനയിലാണ്.

സഹകരണ നിയമത്തിനും ചട്ടത്തിനും വിരുദ്ധമായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ നിയന്ത്രണം

24 (2276) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ നിയമത്തിനും ചട്ടത്തിനും വിരുദ്ധമായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ നിയന്ത്രിക്കുന്ന കാര്യത്തിൽ സഹകരണ വകുപ്പ് പക്ഷപാതപരമായ നിലപാട് സ്വീകരിച്ചു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തിരുവനന്തപുരം സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ സഹകരണ നിയമം 65,66 വകുപ്പുകളനുസരിച്ച് അന്വേഷണം നടത്തിയ റിപ്പോർട്ടുകളിന്മേൽ ബന്ധപ്പെട്ടവർ നടപടി സ്വീകരിക്കുന്ന കാര്യത്തിൽ ഉദാസീനത കാട്ടുന്നതിനെക്കുറിച്ചന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കുമോ ;

(സി) നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന സംഘങ്ങളെ നിയമപരമായി കൈകാര്യം ചെയ്യുന്നതിനുപകരം അവയുടെ വായ്പാവിതരണം നിർത്തി പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly